117 (500) കോളേജുകൾ ശനിയാഴ്ച പ്രവൃത്തി ദിവസമാക്കാനുള്ള തീരുമാനം

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലും സർവകലാശാലകളിലും ശനിയാഴ്ചയും പ്രവൃത്തി ദിവസം ആക്കുവാൻ ഗവണ്മെന്റ് തീരുമാനിച്ചിരുന്നുവോ;

(ബി) ഇതിനെതിരെ കേരള സർവകലാശാല സിൻഡിക്കേറ്റ് പ്രമേയം പാസ്സാക്കിയ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സിൻഡിക്കേറ്റിന്റെ പ്രമേയത്തിന്മേൽ ഗവണ്മെന്റ് കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) ഉണ്ട്.

(സി) യു.ജി.സി. യുടെ നിർദ്ദേശപ്രകാരമുള്ള ഗവണ്മെന്റ് ഉത്തരവ് ഇറക്കിയിട്ടുള്ളത്. (21-12-99ലെ ജി.ഒ.(പി) നമ്പർ. 171/99) ഈ ഉത്തരവിലെ ചില വ്യവസ്ഥകൾ മാറ്റിക്കൊണ്ട് വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (10-12-2000ലെ ജി.ഒ.(പി) നമ്പർ 21/2000/ഉവിവ)

118 (506) ആൾസെയിന്റ്സ് കോളേജ് പ്രിൻസിപ്പാളിന്റെ അവധി അപേക്ഷ

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആൾസെയിന്റ്സ് കോളേജ് പ്രിൻസിപ്പാൾ സിസ്റ്റർ മേരി ഫ്രാൻസിസ് 20.10.97ൽ ശമ്പളമില്ലാത്ത അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടിയാണ് ഉന്നതവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത അപേക്ഷ സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ യഥാസമയം പ്രിൻസിപ്പാളിനെയോ കോളേജ് മാനേജ്മെന്റിനെയോ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തിരതീരുമാനം എടുക്കുമോ;

(ഇ) സിസ്റ്റർമേരി ഫ്രാൻസിസിനു പകരം പ്രിൻസിപ്പാളായി നിയമിതയായ സിസ്റ്റർ മേരി ലോറൻസിയയുടെ നിയമനം അംഗീകരിക്കുവാൻ യൂണിവേഴ്സിറ്റിക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഈ വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. അന്തിമ തീരുമാനമായിട്ടില്ല.

(ഡി) എടുക്കുന്നതാണ്.

(ഇ) സിസ്റ്റർ മേരി ഫ്രാൻസിസിന്റെ അവധിക്കാര്യത്തിൽ അന്തിമ തീരുമാനം എടുത്തശേഷം ഈ വിഷയം പരിഗണിക്കുന്നതാണ്.

119 (511) ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിന്റെ പണി

ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജിന്റെ പണി എന്ന് പൂർത്തിയാക്കാൻ കഴിയും;

(ബി) പണി തീരാത്തതുമൂലം കോളേജിനുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോളേജിന്റെ ഹോസ്റ്റൽ നിർമ്മിക്കുന്ന പ്രൊപ്പോസൽ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) എഞ്ചിനീയറിംഗ് കോളേജ് കെട്ടിട നിർമ്മാണത്തിന്റെ ആകെ തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനെട്ട് മാസം കൊണ്ട് പണി പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

(ബി) ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയ കരാറുകാരൻ നിശ്ചിത സമയത്തിന് പണി തുടങ്ങിയിട്ടില്ലാത്തതിനാൽ പ്രസ്തുത കരാർ റദ്ദു ചെയ്യാനും പുതിയ കരാർ നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 3,34,51,717/-രൂപ ഇന്നേവരെ ചെലവായിട്ടുണ്ട്.

120 (514) കമ്പ്യൂട്ടർ വിദ്യാഭ്യാസം

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന് കേരളത്തിൽ വേണ്ടത്ര സീറ്റുകൾ ഇല്ലെന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുവാൻ ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പൊതുമേഖലയിലും സ്വകാര്യമേഖലയിലും ബി.എസ്.സി (കമ്പ്യൂട്ടർ) കോഴ്സിനും എം.ബി.എ കോഴ്സിനും എത്ര സീറ്റുകൾ വീതം ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly